DESPATCHED
On...06/02/2020

17. 1. 20

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.528(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6058/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. സനിൽകുമാർ എൽ.,
തണ്ണിച്ചാംകുഴി തെക്കുംകര വീട്,
കൊണ്ണിയൂർ, പൂവച്ചൽ പി.ഒ.,
തിരുവനന്തപുരം – 695 575. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
പൂവച്ചൽ ഗ്രാമപഞ്ചായത്ത് ആഫീസ്,
പൂവച്ചൽ പി.ഒ.,
തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06/03/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 31/03/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 20/04/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 22/04/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15/05/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 02/06/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 16/01/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. സനിൽ കുമാർ എൽ., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ രേഖാമൂലം നൽകുവാൻ പഞ്ചായത്ത് അധികൃതർ തയ്യാറായിട്ടില്ല എന്നും ടിയാൻ പഞ്ചായത്ത് ഓഫീസിൽ ചെന്ന അവസരത്തിൽ മറുപടി ടിയാന്റെ അഡ്രസ്സിൽ അയച്ചിട്ടുണ്ടെന്നാണ് അറിയിച്ചതെന്നും എന്നാൽ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ചതിൽ അപ്രകാരമുള്ള കത്ത് ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചത് എന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 18.2.2015 തീയതി പൂവച്ചൽ പഞ്ചായത്തിലെ കാപ്പിക്കാട് വാർഡിൽ പൊതുജനങ്ങളുടെ ജീവന് ഭീഷണിയായി പഞ്ചായത്ത് തടത്തിനോട് ചേർന്ന്

അശാസ്ത്രീയമായി നിർമ്മിച്ച ഷെഡ് പൊളിച്ചു മാറ്റുന്നതിനും പൊതു ജനങ്ങൾക്കും മറ്റും സഞ്ചാരത്തിന് തടസ്സമായി നിൽക്കുന്ന മതിൽ പൊളിച്ചു നീക്കി കെട്ടിയ്ക്കണമെന്നും ചൂണ്ടിക്കാട്ടി ടി പ്രദേശവാസികൾ ജില്ലാ കളക്ടർക്ക് പരാതി നൽകിയിരുന്നു എന്നും മേൽപ്പടി പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ കളക്ടർ പൂവച്ചൽ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു എന്നും മേൽ പ്രസ്താവിച്ച പ്രകാരം പഞ്ചായത്ത് സെക്രട്ടറി, കളക്ടർക്ക് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ടിയാന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയിരിക്കുന്ന പ്രകാരമുള്ള റിപ്പോർട്ട് ഒന്നും സമർപ്പിച്ചിട്ടില്ലെന്നും അക്കാര്യം ഹർജിക്കാരനെ 2267/15 നമ്പർ കത്തു പ്രകാരം 31.3.2015 തീയതി അറിയിച്ചിട്ടുണ്ടെന്നും റോഡിന് വീതി കൂട്ടി നൽകണമെന്ന ഹർജിക്കാരന്റെ ആവശ്യം ഗ്രാമപഞ്ചായത്ത് വിഭവങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ഗ്രാമസഭ മുൻഗണനാ പ്രകാരം നിർവഹിക്കുന്നതാണെന്നുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ 31.3.2015 തീയതി മറുപടി നൽകിയിരുന്നതായി ബന്ധപ്പെട്ട ഡെസ്പാച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ്.

5. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ പരാതി ഹരജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *